155 651 9076 7101

കേരള സർക്കാർ

സംഗ്രഹം

വനംവകുപ്പ്-വനം തെളിക്കുന്നകാര്യത്തിൽ അനുവർത്തിക്കേണ്ട പൊതുതത്വങ്ങൾ- കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുസംബന്ധിച്ച് ഉത്തരവ്

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

കൃഷി(വനം)വകുപ്പ്

സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 11/79/എ.ഡി. തീയതി 1-1-1979

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

വായിക്കുക: കേന്ദ്രസർക്കാർ, കൃഷിയും ജലസേചനവും വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. എൻ.ഡി. ദയാലിന്റെ കത്ത് നമ്പർ 17-31/77 എഫ് ആർ. വൈ (എഫ്ഡി) തീയതി ~~20~~ 29-3-78

<u>ഉത്തരവ്</u>

സർക്കാർ വനങ്ങൾ വെട്ടിത്തെളിക്കുന്നകാര്യത്തിൽ അനുവർത്തിക്കേണ്ട പൊതുതത്വങ്ങളെ സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾ സർക്കാർ കൂലംകഷമായി പരിശോധിക്കുകയുണ്ടായി. അവയിൽ സ്വീകാര്യമായവ ഇതിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

2. ഈ നിർദ്ദേശങ്ങൾ സ്വകാര്യവനങ്ങൾക്കും, നിക്ഷിപ്തവനങ്ങൾക്കും കണ്ണൻദേവൻ (റിസംപ്ഷൻ ഓഫ് ലാൻറ്) ആക്ട് 1971-ന്റെ പരിധിയിൽ വരുന്ന വനങ്ങൾക്കും ബാധകമായിരിക്കുന്നതല്ല.

കെ.വി. വിദ്യാധരൻ
അഡീഷണൽ സെക്രട്ടറി

ചീഫ് വനം കൺസർവേറററ്ക്ക് - - - - -

<u>എൻഡോഴ്സ്മെന്റ് പി1. 1981/79 തീയതി 19-1-79</u>

പകർപ്പ് എല്ലാ കൺസർവേറററ്മാർക്കും x x x x x x

ഒപ്പ് മുഖ്യവനസംരക്ഷകനുവേണ്ടി

<u>നിർദ്ദേശങ്ങൾ</u>

1. പത്തു ഹെക്ടറോ അതിൽ കൂടുതലോ വനം വെട്ടിത്തെളിക്കേണ്ടി വരുന്ന പദ്ധതികൾ പരിഗണിക്കുംപോൾ നസ്മൂലം അസംസ്കൃത പദാർത്ഥങ്ങളുടെ ഉല്പാദനത്തിലുണ്ടാ <u>കു</u> കാവുന്ന കുറവ് വന്യമൃഗങ്ങളുടെ തിരോധാനം, ദീർഘകാലാടിസ്ഥാനത്തിൽ പ്രകൃതിയിലുണ്ടാവുന്ന മണ്ണൊലിപ്പ്, മണ്ണടിയൽ, ജലസംഭരണികളുടെ ഊട് മുതലായ പ്രത്യാഘാതങ്ങൾകൂടി വിലയിരുത്തുകയും അവയും പദ്ധതിയുടെ ഒരു ഭാഗമായിത്തന്നെ കണക്കാക്കുകയും ചെയ്യണം.

2. പദ്ധതികൾ നടപ്പാക്കുംപോൾ പലപ്പോഴും ജീവശാസ്ത്രപ്രാധാന്യമുള്ള വനവിഭാഗങ്ങൾ വെള്ളത്തിനടിയിൽ മുങ്ങിനഷ്ടപ്പെടാനും, പുതിയ കൃഷിത്തോട്ടങ്ങൾ ഉണ്ടാകുക, കുടിഒഴിപ്പിക്കപ്പെട്ടവരെ പുനഃരധിവസിപ്പിക്കുക ഇങ്ങനെയുള്ള പ്രശ്നങ്ങൾ സംജാതമാകുന്നതിനും സാദ്ധ്യതയുണ്ട്. കഴിയുന്നിടത്തോളം ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കി ഉപയോഗ്യമാകുന്ന ഭൂമി, ജലം മുതലായ വിഭവങ്ങളുടെ പരമാവധി പ്രയോജനം ലഭ്യമാകത്തക്കരീതിയിൽ തീരുമാനങ്ങളെടുക്കുന്നതിനു സഹായമാകുമാറ് സ്വീകരിക്കാവുന്ന മററു മാർഗ്ഗങ്ങളും ഇവയ്ക്കു വേണ്ടിവരുന്ന ചെലവുകളും കൂടി പ്രോജക്ട് റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിരിക്കണം.

3. പദ്ധതിക്കാവശ്യമായ സ്ഥലനിർണ്ണയം നടത്തുംപോൾ വനപ്രദേശങ്ങളിൽനിന്നും,

അവിടത്തെ വന്യമൃഗങ്ങളിൽനിന്നും

ലഭ്യമായേക്കാവുന്ന പ്രത്യക്ഷവും പരോക്ഷവുമായ പ്രയോജനങ്ങളെ വിശകലനം ചെയ്തു വിലയിരുത്തുകയും പ്രാരംഭച്ചെലവുകൾ കൂടിയിരുന്നാൽതന്നെയും വിസ്തീർണ്ണവും മൂല്യവും കുറഞ്ഞ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന് ശ്രമിക്കുകയും ചെയ്യണം.

4. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതോ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്നതോ ആയ പദ്ധതികൾക്കുവേണ്ടി വനം തെളിക്കുമ്പോൾ വ്യാവസായികാവശ്യങ്ങൾക്കും വേണ്ട തടി ലഭ്യമാക്കുന്നമെന്ന ഉദ്ദേശം മുൻനിർത്തി, പകരം ഫലഭൂയിഷ്ഠമായ വേറെ സ്ഥലം കണ്ടുപിടിക്കുകയും അവിടെ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ തുക പദ്ധതി വിഹിതത്തിൽതന്നെ ഉൾപ്പെടുത്തുകയും ചെയ്യണം. സോഷ്യൽ ഫോറസ്ററി പരിപാടികളും ഊർജ്ജിതപ്പെടുത്തണം.

5. അപൂർവ്വവും അസാധാരണവും പുനഃസ്ഥാപിക്കാൻ ശ്രമകരവുമായ ഇനങ്ങൾ നശിപ്പിക്കാതിരിക്കാനും വേണ്ട പ്രതിവിധികൾ കണ്ടുപിടിക്കാനും ശ്രദ്ധിക്കണം. പദ്ധതിക്ക് പൂർണ്ണരൂപം നൽകുന്നതിന് മുൻപായി ആവശ്യമെന്നു തോന്നുന്ന പക്ഷം ഈ വക കാര്യങ്ങളിൽ വനം ഗവേഷണസ്ഥാപനത്തിന്റേയോ ഇൻഡ്യൻ ബൊട്ടാണിക്കൽ സർവ്വേയുടെയോ സുവോളജിക്കൽ സർവ്വെയുടെയോ സഹകരണം ലഭ്യമാക്കാവുന്നതാണ്.

6. പദ്ധതിപ്രദേശങ്ങളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് കൂടുതൽ വനം തെളിക്കാതെ വേറെ എവിടെയെങ്കിലും ഭൂമി ആർജ്ജിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്ന ഒരാവശ്യമായി കണക്കാക്കണം.

7. ഏതൊരു രാജ്യത്തെയും വ്യവസായിക ആവശ്യങ്ങൾക്കും, പ്രാദേശികാവശ്യങ്ങൾക്കും, വിറകിനും ആവശ്യമായ മരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട വനഭൂമി ഉണ്ടായിരിക്കണമെന്നുള്ള ചിന്തയോടെയായിരിക്കണം വനം തെളിക്കുന്നതിനുള്ള എല്ലാ പരിപാടികളും പരിഗണിക്കപ്പെടേണ്ടത്.

8. നാഷണൽ പാർക്ക്, വന്യമൃഗസങ്കേതം, വംശവിച്ഛേദം വന്നുകൊണ്ടിരിക്കുന്ന ഇനം ജീവികൾ ഉൾക്കൊള്ളുന്ന സ്ഥലം ഇവയെല്ലാം ആവശ്യമായ സ്ഥലങ്ങളും ചുററുപാടുകളും ഉണ്ടായിരിക്കണം. ഏതെങ്കിലും പദ്ധതികൾ ഇവയുടെ നിലനില്പിനും വിഘാതമാകരുത്.

9. വിസ്തൃതമായ ഭൂവിഭാഗങ്ങളുടെ ആവശ്യമുള്ള വൻ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മുഖ്യവനസംരക്ഷകനോടാലോചിക്കേണ്ടതാണ്.

അഡീഷണൽ സെക്രട്ടറി

ഇണ്ടാസ് നമ്പർ എഫ് എസ് 6885/78 തിയതി 18-4-79

പകർപ്പ് ഈ ആഫീസിലെ എല്ലാ കോൺട്രാക്റ്റ് സെക്ഷനുകളിലേക്കും അറിവിനായി നൽകുന്നു.

പകർപ്പ് മദ്ധ്യമേഖല വനപാലകന്റെ സ്വകാര്യ ഫയൽ
" അഡ്മിനിസ്ട്രേററീവ് അസിസ്റ്റന്റ്
" സീനിയർ സൂപ്രണ്ട്
" സ്റ്റോക്ക് ഫയൽ

മദ്ധ്യമേഖല വനപാലകനുവേണ്ടി

ഉ/2-5-79